**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2503** — **12/02/2020-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് നൽകുന്ന കാർഷിക വായ്പ പലിശ നിരക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.കെ.എം. ഷാജി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സഹകരണ സ്ഥാപനങ്ങളിലെ കാർഷിക വായ്പ പലിശ നിരക്ക് ഇപ്പോൾ നൽകുന്ന നിരക്കിൽ നിന്ന് കുറവു വരുത്താൻ കേരള ബാങ്ക് നിലവിൽ വരുമ്പോൾ കഴിയുമോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ പുതിയ നിരക്ക് എത്ര ആയിരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വായ്പാഘടന Delayer ചെയ്താണ് കേരള ബാങ്ക് നിലവിൽ വന്നത്. ഈ സാഹചര്യത്തിൽ പലിശ ഘടനയിൽ കാതലായ മാറ്റം ഉണ്ടാകും. സഹകരണ സംഘം രജിസ്ട്രാർ കൺവീനറായുള്ള പലിശ നിർണയ സമതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്. |
| (ബി) | കേരള ബാങ്കിലെ എ ക്ലാസ് അംഗങ്ങളായ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് കേരള ബാങ്കിൽ നിന്നും നൽകുന്ന വായ്പയുടെ പലിശ നിരക്കും എ ക്ലാസ് അല്ലാത്ത മറ്റ് അംഗങ്ങൾക്ക് നൽകുന്ന വായ്പയുടെ പലിശ നിരക്കും തുല്യമായിരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കേരള ബാങ്കിൽ നിന്നും നൽകുന്ന വായ്പകളുടെ പലിശ നിരക്കുകൾ നിശ്ചയിക്കുന്നത് വായ്പാ സ്കീമുകളുടെ അടിസ്ഥാനത്തിൽ ആണ്. വായ്പകളുടെ പലിശനിരക്ക് പലിശനിർണ്ണയ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.